# *കൊയ്ത്തുകാലം

കെ. ശ്രീധരക്കിടാവ്, I U C.

മഞ്ഞണിഞ്ഞങ്ങു നില്ക്കുന്നു പാടം
പഞ്ഞം ദൂരെക്കളയുവാനായി
എണ്ണം കർഷകരാത്തു മദിപ്പൂ
തിങ്ങും മോദാൽ കളിച്ചു പുളപ്പൂ!

തെക്കുനിന്നെത്തും തൈക്കുളിർകാററിൽ
നില്ക്കും നെൽക്കതിർ ചാഞ്ചാടീടുന്നു
കൊയ്ത്തുകാലത്തിൻ പുഞ്ചിരി കണ്ടു
പൂർവ്വദിക്കും ചുവന്നു തുടങ്ങി

ആനന്ദാശ്രുകണങ്ങളുമായി
ആഗമിച്ചു പ്രഭാതവുമപ്പോൾ
അർക്കനാനന്ദലീനനായ് മെല്ലെ
ചക്രവാളത്തെ നോക്കിച്ചിരിച്ചു.

എത്തി കൊയ്ത്തരിവാളുമായ് ചെമ്മെ
ഗ്രാമസൌന്ദര്യദേവതമാരും.
ഗാനലോലമാം കുപ്പിവളയും
ഗാനമൂറുന്ന ചെഞ്ചുണ്ടുമായി

ഉല്ലസിപ്പൂ ഗ്രാമീണസൌന്ദര്യം
വല്ലവിമാരുടെ മുഖത്തിൽ
കൊയ്ത്തരിവാളം തൻ 'കിങ്കിണി'നാദം
പാരിന്നാകെയൊരാനന്ദമേകി.

നാട്ടുവാർത്തയിൽ ലീനരായാലും
കൊയ്ത്തിനവർ മുമ്പരാണല്ലോ?
'കററ' കെട്ടുന്നു 'കററകം' കുന്നായ്,
കൂട്ടിടുന്നുണ്ടു മറെറാരു ദിക്കിൽ.

'ചാത്തൻ' 'നീലിയെ' നോക്കി ഹസിപ്പൂ
നാണംകൊണ്ടവളാം വിയർപ്പുകുന്നു.
പണ്ടുകൊയ്ത്തിനു പോയൊരുനേരം
'കണ്ടനെ' പാമ്പുദംശിച്ചവാർത്ത

'കോത' തുണ്ടിമരിച്ചെന്നു 'ചക്കി'
'മാത'യോടു വഴക്കടിച്ചെന്നും.
കിന്നാരങ്ങളാം പലതുപറഞ്ഞു,
'ചെന്നെല്ലാ'കറെ കൊയ്തുകഴിഞ്ഞു.

കൊയ്ത്തരിവാളം പുറത്തുതിളകി,
'കററ'ക്കെട്ടുമെടുത്തുടനപ്പോൾ.
'ചക്കി' മുമ്പിൽ നടന്നകന്നു,
കൂട്ടുകാരും പിറകെനടന്നു.

കൊയ്ത്തുകണ്ടുമതിമറന്നപ്പോ-
ളർക്കനാഴിയിൽ ചാടിമറഞ്ഞു.
വെള്ളവസ്ത്രം ധരിച്ചുവയലിൽ
വെള്ളിച്ചാറുകൊണ്ടാകെ നനച്ചു്

അമ്പിളിമാനിൽ പുഞ്ചിരി തൂകി,
യിമ്പമോടമരുന്നിതുനോക്കി.
കേട്ടിടുന്നുകൃഷീവലരാർപ്പി-
ട്ടാർത്തടിക്കുന്നൊരാനന്ദനാദം

എന്തൊരാനന്ദം എന്തൊരു ഭംഗി
ചന്തമേറുന്ന കൊയ്ത്തുകാലത്തിൽ
കേരളക്കരേ! നിന്റെയാനന്ദം
പൂവിടുന്നതു് കൊയ്ത്തുകാലത്താം.

* 1955 .. 56 ലെ ശ്രുതകവിതാമത്സരത്തിൽ ഒന്നാം സമ്മാനത്തിന്നർഹമായതു്.

# * മണമില്ലാത്ത മുല്ല

വി. ആലി, II u. c.

(കേക)

മുല്ലത്തൈ നനയ്ക്കുമ്പോളന്നു് ഞാൻ
[ചിരിച്ചെങ്കിൽ
മുല്ലപ്പൂവിറുക്കുമ്പോളിന്നിതാ കരയുന്നു........

* * * *

ശാരദാകാശത്തിന്റെ മുഗ്ദ്ധമാം മടിത്തട്ടിൽ
താരകൾ താഴെ നോക്കിത്താളത്തിൽ
[ചിരിക്കവേ;
പൂവുകൾ പാൽപ്പുഞ്ചിരി പൊഴിക്കെ;
[വിഹായസ്സിൽ
പ്രാവുകൾ തത്തിത്തത്തിപ്പറന്നു കളിക്കവേ,

അഴകിൽ നിറം ചാർത്തി ഓമനാരാമമോഹനം
മഴവിൽ വാനത്തേറി മാനസം കുളിർപ്പിക്കെ,

കണ്മണിക്കുരുന്നുകൾ മണ്ണപ്പം നിർമ്മിക്കവേ
കണ്ണിണ നനയുന്നു; മൽക്കരൾ തകരുന്നു—
പിഞ്ചുപൈതലേ, നീയന്നെന്തിനു്
[ജാതോല്ലാസം
പുഞ്ചിരിതൂകി ഞങ്ങൾക്കിന്നിദം
[ദുഃഖിക്കാനോ....

മുല്ലത്തൈ നനയ്ക്കുമ്പോളവളെന്നടുത്തെത്തി
മുല്ലപ്പൂച്ചിരിതൂകിക്കൊഞ്ചിച്ചൊന്നാളേവം :
“തൈ നനയ്ക്കുവാൻ ചേട്ടാ, കൂലി ഞാൻ
[നല്കാം, പക്ഷേ,
തൈമുല്ല പൂത്താൽ പൂക്കളൊക്കെയു
[മെനിക്കത്രേ”

ഓമനക്കളിത്തോഴിയോടിക്കൊണ്ടകലുമ്പോൾ
തൈമണിക്കാറ്റിൽത്തത്തിത്തലയാൽ
‘സലാം’ കാട്ടി
വള്ളിയും, വളർന്നോമൽപ്പൈതലിന്നാശയ്ക്കൊപ്പം
ഉള്ളത്തിലാനന്ദത്തിൻ വെണ്ണിലാപ്പ്രഭതൂകി.

ഒരു നാൾ........മുല്ലത്തൈയ്ക്കു് തെന്നലിൻ
[നാക്കിൽനിന്നു—
മറിയാനിടയായാത്തോഴിതൻ ദുരന്തവും........

മുല്ലത്തൈ നനയ്ക്കുമ്പോളന്നു് ഞാൻ
[ചിരിച്ചെങ്കിൽ
മുല്ലപ്പൂവിറുക്കുമ്പോളിന്നിതാ കരയുന്നു........

* * * *

കൊച്ചുകൈത്തലോടലിൽ പുളകംകൊള്ളാ
[തേതോ
പിച്ചകച്ചെടി വെമ്പും കാഴ്ച, നീ കാണുന്നുണ്ടോ?

നീലനീലമാം വാനിൽ താരകൾ വരുന്നേരം
ശ്രീലസ്മിതങ്ങൾ നിന്റെ കുശലം ചോദിക്കുന്നു.
പൊന്നോടക്കുഴലുമായ് പൂങ്കുയിൽ വരുന്നേരം
നിന്നോമൽഗാനത്തിന്റെ നിർവൃതി തേടുന്നു
[ഞാൻ.

കാത്തുനില്ക്കാറില്ലിന്നു് തോഴികളവരയ്യോ
നേർത്ത ഗദ്ഗദത്തോടെ കൺപീലി നനയ്ക്കുന്നു.

അന്നു നിൻ കാല്പാടേറ്റ വെൺമണൽ
തിട്ടിന്നിതാ
കണ്മണി, ദുഃഖാക്രാന്തം നിശ്ശബ്ദം കരയുന്നു.

ഓമനേ, പനീർപ്പൂക്കൾ വിരിയും നുണക്കുഴി
ത്തൂമലർത്തൊത്തിൽ കണ്ട സ്വപ്നങ്ങൾ
[പാഴാകട്ടേ
നിത്യനിത്യമാം ശാന്തിപ്പൊൻകതിർ വിതറുന്ന
സത്യത്തിൻ മടിത്തട്ടിലോമനേ ജീവിച്ചാലും—

---

* മരുമകളുടെ മരണത്തിൽ.

# മാപ്പു നൽകൂ!

ടി. കെ. ഉമർ, II U. C.

മധുമാസചന്ദ്രിക രാഗലോലം
മേനിയിൽക്കിടന്നു മറിഞ്ഞുലഞ്ഞു;
മാമിളച്ചില്ലക്കോകിലങ്ങൾ
മധുരഗാനങ്ങളുതിർത്തണഞ്ഞു;
കുളിരിൽ കുളിച്ചൊരു മന്ദവാതം
തളിരിനോടൊത്തൊരു നൃത്തമാടി;
മധുരക്കിനാക്കളണന്നൊരെൻ്റെ
മതിയൊരു മോഹനഗാനം പാടി.

ഒരു മന്ദഹാസം വിടർന്നു പൊങ്ങി
കുമുദിനിതൻ്റെ കവിളിണങ്ങി,
മൃദുമതിതൻ കടക്കണ്ണിൽ വിങ്ങി-
വഴിയുന്ന രാഗാബ്ധിതന്നിൽ മുങ്ങി.
നിരുപമ മുഗ്ദ്ധസരസ്സിൽനിന്നും
നറുമലർത്തുമ്പമൊന്നുയർന്നു;
തളിരണിവല്ലി പുണർന്നിടുന്ന
തരളാനിലനിൽ ചിരി കലർന്നു;
കമനീയചിന്തകൾ നൃത്തമാടും
മമ ചിത്തതാരിന്നു പൂവണിഞ്ഞു;
ഒരു നവ്യ വർഷത്തിൻ മുമ്പിലായി-
ട്ടൊരു മധുമാസം വിരിഞ്ഞുനിന്നു;
പ്രണയം ഉളവുന്ന പൂനിലാവിൻ
തളമായി മാറി ധരണി നിന്നു;
പുളകിതഗാത്രനായ് ലോലമോദം
പ്രിയയെ പ്രതീക്ഷിച്ചു ഞാനിരുന്നു.

കനകത്തെളിച്ചാർ പുരണ്ട മിന്നും
കമനീയസ്സാരി ഞെറിഞ്ഞണിഞ്ഞും,
നറുമലർഗന്ധം വഴിഞ്ഞിടുന്ന
പുരികുന്തൽ പിന്നിലഴിഞ്ഞുലഞ്ഞു;
തരിവളയിട്ട മൃദുകരത്താൽ
മധുരമായ് ചെഞ്ചൊടി തൊട്ടുഴിഞ്ഞും,
അനുരാഗപ്പൊയ്കയിൽ നീന്തിടുന്ന
പരലിനെപ്പോലെ മിഴിയെറിഞ്ഞും,
വിടരുമൊരോമനപ്പുഞ്ചിരിയി-
ലടരും മൊഴികളിൽ തേൻചൊരിഞ്ഞും,
ഇടയിടെ തുള്ളിത്തുളുമ്പിടുന്ന
കുളിർകൊങ്കത്തടങ്ങളും കടഞ്ഞും,
കഴൽമണിക്വണിതം മധുരമായി
'കിലുകിലം' മീട്ടി ശ്രുതി കലർന്നും,
സുരസുന്ദരിയാമൊരുവളെൻ്റെ
പരിപൂതതങ്കക്കിനാവിൽ വന്നു.

ഒരു വെള്ളിമേഘം പറന്നുവന്നു
വിമലനഭസ്സിൻ്റെ മാറിടത്തിൽ;
മിഴികൾ മിഴിച്ചു തുറിച്ചുനോക്കി
മൃദുമോദാൽ വാർമതി കാന്താമിത്രം;
മുരളുമളിവൃന്ദം കുമുദിനിയി-
ലൊരു സരസചുംബനപ്പൊട്ടുകുത്തി;
അരികിലൂടാരോ വന്നെൻ്റെ കൺകൾ
അരിയ തൻകൈകളാലൊന്നുപൊത്തി;
കുളിരിൽ പുളയ്ക്കുമൊരെൻ്റെ ചിത്തം
കുതികൊണ്ടു സ്വർഗ്ഗപ്പടിക്കലെത്തി!

# പോയ കാലം

ടി. അപ്പുക്കുട്ടൻ, II U. C.

മാവുകൾ തളിർത്തപ്പോൾ, പൂവുകൾ
[വിരിഞ്ഞപ്പോൾ
കൂവുന്ന കുയിലിന്റെയാരവമുയർന്നപ്പോൾ
മുററത്തെ മാവിൻകൊമ്പിൽ പൂമ്പാററ
[യിരുന്നപ്പോൾ
കററവാർകുഴലിമാർ പൊയ്കയിൽ കുളിച്ചപ്പോൾ
മഞ്ഞുതുള്ളികൾ മുഗ്ദ്ധ മർത്ത്യജീവിതം പോലെ
വിണ്ണിങ്കൽ ജലദമായുയർന്നുകൊണ്ടീടുമ്പോൾ
വാരിധിമാർഗ്ഗേ പൂവിൻസുഗന്ധം വഹിച്ചുകൊ-
ണ്ടാരവമിലയാലപ്പൂന്തെന്നൽ വിമ്മിച്ചപ്പോൾ
ഞാനന്നാപ്പൂങ്കാവിന്റെ നികുഞ്ജപ്പരപ്പിങ്ക-
ലാനന്ദംകൊണ്ടിട്ടുള്ള സുദിനമോർമ്മിച്ചുപോയ്.
പാതിനാഗരാം ഞങ്ങളോടിനാർ, പാടീടിനാർ,
പാതയിൽ പോകുന്നവർ കളിയാക്കിനാരെന്നെ.
മാമരം മരതകപ്പൂമൊട്ടു വിരിച്ചുകൊ-
ണ്ടാ മാനസോദ്യാനത്തിൽ ശീതളച്ഛായ വീശി.

കാലം പോയ് സൌവർണ്ണമപ്പുലർകാലം പോയ്,
[നാളെ-
ക്കാലം മാറുമ്പോൾ മാററമെന്തെന്തു ഭവിക്കാവൂ.
വല്ലിയിന്നടിവിട്ടിട്ടുയർന്ന കാലത്തിന്റെ
വല്ലരിയുയർത്തിപ്പൂവിട്ടു വണ്ടുകൾ പാറി.
നിഷ്കളങ്കത്വം വിട്ടു പിരിഞ്ഞു, നീചത്വത്തി-
ന്നുച്ഛൃംഖലത്വത്തിൽ, ഞങ്ങൾ പിടഞ്ഞു,
[കാലം മാറി.

അന്നത്തെസ്സമീരണാന്തരീക്ഷത്തിൽനിന്നും
പൊന്നൊളി കാട്ടിപ്പശ്ചിമാബ്ധിയിൽ
[മറഞ്ഞുപോയ്
അന്നെന്റെ ഹൃദയത്തിൽക്കുടികൊണ്ടിരുന്നുള്ള
മന്നിന്റെ പ്രതിരൂപകസൌവിൽ യവനിക
കാലത്തിൻ ഭടന്മാർക്ക് നാടകമാടാൻവേണ്ടി-
യാലോലം പൊട്ടിത്തിരിഞ്ഞിരുഭാഗത്തും
[നീങ്ങി.

# * വിടവാങ്ങൽ

(സി. ഗോപാലകൃഷ്ണൻ, സീനിയർ ബി. എ.)

നീണ്ട നാളുകളാം നെയ്ത സൌഹൃദം ഹൃദയത്തിൽ
ചെണ്ടണിയിച്ചു നമ്മെ പുളകം കൊള്ളിക്കു
[മ്പോൾ,

ആയിരം വികാരങ്ങളായിരം സ്മരണക–
ളാകവെ ചലച്ചിത്രംപോൽ മിന്നി മറയുമ്പോൾ,
വിടവാങ്ങാനായ് നമ്മളിവിടെ സമ്മേളിപ്പൂ
വിരഹാർത്തമായ് ചിത്തംനോവുമീ നിമിഷത്തിൽ!
ചേതന വിയോഗത്തിൻ ചിന്തയാൽ നിറയു
[മ്പോൾ
വേദന കരളാകെ വെന്തു നീറീടും നേരം,
വാക്കിനാലെന്മട്ടിലീ തരളവികാരത്തി–
ന്നുക്കു നാം സ്ഫുരിപ്പിക്കും—മൌനമല്ലയോ
[കാമ്യം?

എങ്കിലുമൊരുമട്ടിൽ ഗദ്ഗദോക്തിയാൽത്തന്നെ
പങ്കിടാം നമുക്കിപ്പോൾ മോദവും, വിഷാദവും
ജീവിതകലാലയവിജ്ഞാനമുൾക്കൊണ്ടീടാ–
നീ വിദ്യാനിലയത്തോടിന്നു നാം വിടവാങ്ങാം,
പൂർണ്ണമായ്, സുശക്തമായ് നാം തീർത്ത സൌഹാർദ്ദ
[ത്തിൻ
കണ്ണികളൊരുപക്ഷേ തെല്ലയഞ്ഞേക്കാം നാളെ,
കാലത്തിന്നടിയൊഴുക്കജ്ഞാതലക്ഷ്യത്തിന്റെ
കൂലത്തിലൊരുപക്ഷേ തള്ളിവിട്ടേയ്ക്കാം നമ്മെ!
അകലെ നഗരത്തിൽ കണ്ടുമുട്ടീടാം നമ്മൾ
അരികെ ഗ്രാമത്തിന്റെ വീഥിയിൽ മേളിയ്ക്കാം
[നാം

പാതയിൽ നടക്കുമ്പോളപ്രതീക്ഷിതമെന്നോ
ജാതമായീടാം കുടിക്കാഴ്ചക്കൊരവസരം,
ആ നിമിഷത്തിൽ നമ്മളന്യോന്യം സൌഹാർദ്ദ
[ത്തിൻ
നൂനം പോലൊരു കൊച്ചുപുഞ്ചിരി പൊഴിച്ചെ
[ങ്കിൽ

മാധുര്യമുററീടുന്ന നമ്മൾതൻ സ്മരണയിൽ
മാരിവില്ലുപോലെന്നുമിക്കലാലയം നില്ക്കും!
ഇവിടെ പഠിച്ചു നാമാംഗലസാഹിത്യത്തിൻ
നവവും പ്രാചീനവുമായിടും സൽക്കാവ്യങ്ങൾ!
സിംബലിൻ രാജാവിന്റെ വാത്സല്യമിമോജന്റെ
സ്തംഭിക്കും ചരിത്രവും ക്ലോട്ടന്റെ വിഡ്ഢിത്തവും
അന്തോണി വിരചിച്ച വീഴ്ചയും ക്ലിയോപാട്രാ–
ബന്ധവുമീജിപ്തിന്റെ രാജ്ഞിതൻ പതനവും,
മിൽട്ടന്റെ പ്രതിഭയും ക്ലോറിഡ്ജിൻ ഭയാനക
ചിത്രനിർമ്മിതിയും ഹാ! വേഡ്സ്‌വർത്തിൻ
[നൈപുണ്യവും,

ഡ്രൈഡന്റെ പരിഹാസവരികളും ശ്രവിച്ചു നാം
സ്വൈരമിക്കലാലയഭിത്തികൾക്കുള്ളിൽ നിത്യം!
വിശ്വങ്ങളാരാധിക്കും കാളിദാസനാൽ തീർത്ത
സ്മൃത്യർഹശാകുന്തളമിവിടെപ്പഠിച്ചു നാം!
എന്തിലുമുപരി ഹാ! സ്നേഹിക്കാൻ പരസ്പരം
ബന്ധുരസൌഹാർദ്ദത്തെ സ്ഥാപിയ്ക്കാൻ പഠിച്ചു
[നാം

അരികത്തിന്നില്ലല്ലൊ സ്നേഹവും വാത്സല്യവും
ചൊരിയും 'ഷാ സാഹിബ്ബാ' രൂപം നാം സ്മരി
[ക്കുന്നു.

മാനസ പുഷ്പത്തിനാലർച്ചിയ്ക്കാം നമുക്കെന്നും
മാന്യനാമദ്ദേഹത്തെയോർക്കുമ്പോളവിരാമം!
പൂജ്യരായ് നമുക്കെന്നും മാർഗ്ഗദർശികൾ മഹാ
പ്രാജ്ഞരീ ഗുരുനാഥർ നമ്മൾക്കു സമാരാധ്യർ,
കൂപ്പുകയ്യിനാൽ ഭക്തിബഹുമാനത്താൽ നമു–
ക്കർപ്പിക്കാമവർക്കെന്നുമാത്മാർത്ഥനമോവാകം!
വിടവാങ്ങുന്നു നമ്മൾ വേർപെടുന്നെന്നാലെന്തേ
വിടരും സമ്പൂർണ്ണമായ് നമ്മൾതൻ മൈത്രീ
[ബന്ധം.

---

* സീനിയർ ബി. എ. വിദ്യാർത്ഥികൾ 1956 ഫെബ്രുവരി അവസാനത്തിൽ നല്കിയ സോഷ്യലിൽ രചിച്ച് ചൊല്ലിയത്.

# വിസ്മൃതി

എൻ. വി. കെ. അനുജൻ, II U. C.

വാസരമോടിപ്പോയി വാസന്തകാലം നീങ്ങി
വാസന വിതറുന്ന സൂനവൃന്ദങ്ങൾ വാടി
മാന്തളിർ തിന്നാനന്ദലീനയാം കുയിലിന്റെ
മാൻപഴം ഗാനാമൃതധാരയും മുറിഞ്ഞുപോയ്
കുളിരിൽ കിളിർത്താരാ താരുണ്യലതയുടെ
തളിരും താരും വാടി തളർന്നുകഴിഞ്ഞല്ലൊ.

എന്നാലും കിനാവിന്റെ മാധുര്യം പുരട്ടിയ
പൊന്നണിവാസന്തങ്ങൾ പിന്നെയു
[മണഞ്ഞെത്തും
ചന്ദനത്തോപ്പിൽ പേർത്തും ഗാനധാരകൾ
[പെയ്യാൻ
ജൃംഭിതാഹ്ലാദംതത്തിപ്പൂങ്കുയിൽ പറന്നെത്താം

ഇല്ലിനി തഴയ്ക്കില്ല തളർന്ന താരുണ്യങ്ങൾ...
ഇല്ലിനി വിടരില്ല വാടിയ മലരുകൾ
സസ്നേഹം ചാരത്തെത്തി മുരളും മൂളിപ്പാട്ടാൽ
സ്വപ്നങ്ങൾ വിടർത്താറാണന്ന ഭൃംഗത്തെ നീ
'കറമ്പൻ, കരളിനെ നോവിയ്ക്കാനാഗതൻ
കരിവൃത്തനാ'ണെന്നും നിത്യം പഴിച്ചില്ലേ?
ഇന്നവൻ നിന്നെ വിട്ടിട്ടേതോ വിണ്മലർ തേടി
സുന്ദരോദാരം രാഗപൂരിതരംഗം പൂകി.

എന്തിനു കേഴുന്നു നീ സന്തപ്തഹൃദയത്തിൽ
സാന്ത്വനം പകരാൻ വെറും വിസ്മൃതിമാത്രം
[പോരും
വിസ്മൃതി, നിശ്ശൂന്യമാം ഗർത്തത്തിലാഴ്ത്തും സർവ്വം
നിശ്ചയം, നീയും കൂടി! വിസ്മൃതി ജയിയ്ക്കുന്നു!